# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4794** **19.05.2017-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ ജലാശയങ്ങൾ മത്സ്യകൃഷിക്ക് പാട്ടത്തിന് നൽകുവാൻ പറ്റാത്ത അവസ്ഥ

| ചോദ്യം<br>ശ്രീ.സി.കൃഷ്ണൻ | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേരളത്തിലെ ഉൾനാടൻ ജലാശയങ്ങൾ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനെതിരെ, തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവുമൂലം കൂട്ടകൃഷി, വളപ്പ് കൃഷി (പെൻ കൾച്ചർ) എന്നിവ നടത്താൻ പറ്റാത്ത അവസ്ഥ സംജാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. പ്രസ്തുത സർക്കുലർ പ്രകാരം ഒഴുകുന്ന നദികളിലും പുഴകളിലും കൂട് കൃഷി, വളപ്പ് കൃഷി (പെൻ കൾച്ചർ) എന്നിവ നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥ സംജാതമായിട്ടുണ്ട്. |
| ബി) ഇത് ഉൾനാടൻ മത്സ്യോൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;<br><br>സി) ഇല്ലെങ്കിൽ ഈ വിഷയത്തിൽ ഇടപെടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | ബി) യും സി) യും ഇത് ഉൾനാടൻ മത്സ്യോൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.<br>പുഴ/നദി ഭാഗം അനിയന്ത്രിതമായി അനധികൃത കയ്യേറ്റത്തിനു വിധേയമാകാനുള്ള സാധ്യത കൂടുതലാണ്. നിലവിൽ ഇത്തരം കയ്യേറ്റങ്ങൾ കാര്യക്ഷമമായി തടയുന്നതിന് പര്യാപ്തമായ നിയമങ്ങളുമില്ല. മാത്രമല്ല നദികളുടെയും പുഴകളുടെയും ഭാഗം പാട്ടത്തിന് നൽകുന്നത് അപ്രായോഗികവും അതിൽ നദികളുടെയും പുഴകളുടെയും ഒഴുക്ക് തടഞ്ഞുകൊണ്ട് തടയണകൾ നിർമ്മിക്കുന്നത് പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതും പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം വരുത്തുന്നതുമാണ്. ആയതിനാൽ ഒഴുകുന്ന നദികളും പുഴകളും ഒഴിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള കുളങ്ങളും മറ്റു ജലാശയങ്ങളും മത്സ്യകൃഷിയ്ക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് സൂചന സർക്കുലർ തടസ്സമാകുന്നില്ലന്നാണ് തദ്ദേശസ്വയംഭരണ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത്. എന്നിരുന്നാലും ഇക്കാര്യത്തിൽ ആ വകുപ്പുമായി വീണ്ടും കൂടിയാലോചനകൾ നടത്തി പരിസ്ഥിതിക്ക് |

ഹാനികരമല്ലാത്തവിധം കൂട്ട മത്സ്യകൃഷി ഒഴുകുന്ന ജലാശയത്തിൽ നടത്തുന്നതിന് സഹായകരമായ തീരുമാനങ്ങൾ എടുക്കുന്നതിന് ശ്രമങ്ങൾ നടത്തുന്നതാണ്.

**സെക്ഷൻ ആഫീസർ**